പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2451 08.05.2017 ൽ മറുപടിയ്ക്ക്

## മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി.

മറുപടി

ശ്രീ.ഇ. ചന്ദ്രശേഖരൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ; | (എ)മൂന്നാറിൽ കണ്ടെത്തിയ കയ്യേറ്റങ്ങളുടെ സമഗ്രപട്ടിക തയ്യാറാക്കി KLC നിയമ പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കൽ നടപടി ഏതെങ്കിലും ഘട്ടത്തിൽ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) നിർത്തി വച്ചിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൂന്നാർ മേഖലയിൽ എത്ര ഹെക്ടർ ഭൂമിയുടെ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) മൂന്നാർ മേഖലകളിൽ ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിലായി 130.1789 ഹെക്ടർ ഭൂമിയുടെ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനമൊട്ടാകെയുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് KLC നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ